രജിസ്റ്റേർഡ്.

## ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്, തിരുവനന്തപുരം-14

വിഷയം- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്- അച്ചടക്ക നടപടി വിഭാഗം- ചെറുവണ്ണൂർ ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II ആയ ശ്രീ.രാജീവ്.വി.പി യുടെ -അനധികൃത ഹാജരില്ലായ്മ-സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

പരാമർശം- 1. ഉത്തര മേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 2-11-2016-ലെ. ഇ 1-6178/16/ആർ.ഡി.ഡി നമ്പർ കത്ത്.
2. തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ് സെക്രട്ടറിയുടെ 7-2-2017 ലെ എഫ്2-99/16 തൊഴിൽ നമ്പർ കത്ത്
3. ചെറുവണ്ണൂർ ഇ.എസ്.ഐ.ഡിസ്പെൻസറി ഐ.എം.ഒ യുടെ 3-4-2017 ലെ ഇ 1-1010/14/സി.വി.ആർ നമ്പർ കത്ത്.
4. ഡി3-4098/16/ഡി.ഐ.എം.എസ് തീയതി 27-7-2017.
5. ചെറുവണ്ണൂർ ഇ.എസ്.ഐ ഡിസ്പെൻസറി ഐ.എം.ഒ യുടെ 4-8-2017 ലെ ഇ 1-1591/17/സി.വി.ആർ നമ്പർ കത്ത്.

### ഉത്തരവ് നം.ഡി3-20183/2017/ഡി.ഐ.എം.എസ് തീയതി 13-10-2017.

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിലുള്ള ഫെറൂഖ് ഇ.എസ്.ഐ ആശുപത്രിയിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II ശ്രീ.രാജീവ് .വി.പി വിദേശത്ത് ജോലിയ്ക്ക് പോകുന്നതിനായി 5 വർഷത്തേക്ക് ശൂന്യവേതനാവധിക്ക് അപേക്ഷിച്ചശേഷം 2-5-2014 മുതൽ ആർജ്ജിതാവധിയിൽ പ്രവേശിക്കുകയും ആർജ്ജിതാവധി കാലാവധിക്കുശേഷം ജോലിയിൽ നിന്നും അനധികൃതമായി വിട്ടുനിൽക്കുകയും ചെയ്തിരുന്നു. ടിയാൾ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന സാഹചര്യത്തിൽ തന്നെ 2014 ലെ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് ടിയാളെ ചെറുവണ്ണൂർ ഇ.എസ്.ഐ ഡിസ്പെൻസറിയിലേക്ക് സ്ഥലംമാറ്റുകയും ഫെറൂഖ് ഇ.എസ്.ഐ.ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്യുകയും ചെയ്തിരുന്നു. ഉടനടി ജോലിയിൽ പ്രവേശിക്കണമെന്ന നിർദ്ദേശത്തോടെ ടി ഉത്തരവ് ടിയാൾക്ക് അയച്ചുകൊടുത്തെങ്കിലും "അഡ്രസ്സി എബ്രോഡ് & റിട്ടേൺട് ടു സെൻഡർ" എന്ന കുറിപ്പോടെ തപാൽ വകുപ്പ് ടി ഉത്തരവ് തിരികെ അയച്ചുതരികയാണുണ്ടായത്. ഇതിൽ നിന്നും ടിയാൾ സർക്കാർ അനുമതിയില്ലാതെ വിദേശത്ത് പോയതായി മനസ്സിലാക്കുകയും അച്ചടക്ക നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. തുടർന്ന് സർക്കാർ നിർദ്ദേശാനുസരണം ടിയാളെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയുണ്ടായി. ടി അച്ചടക്ക നടപടികൾ തുടർന്നുവരവെ താൻ ജോലിയിൽ പ്രവേശിക്കാൻ സന്നദ്ധനാണ് എന്നറിയിക്കുകയും 17-02-2015 ൽ വകുപ്പ് അദ്ധ്യക്ഷയുമായി ഒരുകൂടിക്കാഴ്ചയ്ക്ക് അവസരമൊരുക്കുകയും ചെയ്തു. തദവസരത്തിൽ ടിയാൾ വിദേശത്ത് ജോലി ചെയ്യുകയായിരുന്നുവെന്നും 2016 ഫെബ്രുവരി 12 ന് വിദേശത്തെ കരാർ അവസാനിക്കുകയാണെന്നും തന്നെ ജോലിയിൽ പുനഃപ്രവേശിക്കാൻ അനുവദിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തിരുന്നു. ടി സാഹചര്യത്തിൽ ടിയാളോട് ഒരു മൃദുസമീപനം സ്വീകരിച്ചുകൊണ്ടും അച്ചടക്കനടപടികൾ നിലനിർത്തിക്കൊണ്ടും ജോലിയിൽ പുനഃപ്രവേശിക്കുവാൻ അനുവദിക്കുകയും 19-2-2016 ൽ ടിയാൾ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി അച്ചടക്ക നടപടികൾ തുടർന്നു വരുന്നതിനിടെ പരാമർശം 1 പ്രകാരം വിദേശത്ത് ജോലിക്ക് പോകുന്നതിനായി ഒരു അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടിയാൾക്കെതിരെ അച്ചടക്ക നടപടികൾ നിലനിൽക്കുന്നതിനാൽ ടിയാൾക്ക് അവധി അനുവദിക്കേണ്ടതുണ്ടോ എന്ന്

ഈ ഓഫീസിൽ നിന്നും സർക്കാരിനോട് ആരാഞ്ഞസാഹചര്യത്തിൽ ടിയാളുടെ പേരിലുള്ള അച്ചടക്ക നടപടികൾ പൂർത്തീകരിച്ചശേഷം ശൂന്യവേതനാവധി അവധിയിൽ ഉചിതമായ തീരുമാനം എടുക്കേണ്ടതാണ് എന്ന് പരാമർശം 2 പ്രകാരം സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ ശൂന്യവേതനാവധി അനുവദിക്കപ്പെടുന്നതിന് മുൻപുതന്നെ ടിയാൾ 22-11-2016 മുതൽ അനധികൃതമായി അവധിയിലാണെന്ന് പരാമർശം 3 പ്രകാരമുള്ള ചെറുവണ്ണൂർ ഇ.എസ്.ഐ. ഡിസ്പെൻസറി ഇൻഷുറൻസ് മെഡിക്കൽ ഓഫീസറുടെ കത്തിൽ നിന്നും അറിയാൻ കഴിഞ്ഞു. ടിയാൾ ജോലിക്ക് ഹാജരാകാത്തതുകൊണ്ട് ടി ഡിസ്പെൻസറിയിലെ ലാബ് ഒരു വർഷമായി പ്രവർത്തനരഹിതമാണെന്ന് പരാമർശം 5 പ്രകാരം ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്

ടി ശൂന്യവേതനാവധി അപേക്ഷ തീരുമാനമാകാതെ പരിഗണനയിലിരിക്കെ ടിയാൾക്കെതിരെ മുമ്പ് നിലനിന്നിരുന്ന അച്ചടക്ക നടപടി 1960 ലെ കെ.സി.എസ് (സി.സി& എ) ചട്ടങ്ങൾക്ക് വിധേയമായി പൂർത്തിയാക്കുകയും ടിയാളുടെ 2 വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത ഫലത്തോടെ തടഞ്ഞുകൊണ്ട് പരാമർശം 4 പ്രകാരം ശിക്ഷാ നടപടി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്.

ശ്രീ.രാജീവ്.വി.പി അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുകയും സർക്കാരിന്റെ അനുവാദമില്ലാതെ വിദേശത്തു പോകുകയും അച്ചടക്ക നടപടി നിലനിൽക്കെ ക്ഷണാപണം നടത്തി തിരികെ ജോലിയിൽ പ്രവേശിക്കുകയും ചെയ്ത വ്യക്തിയാണ്. എന്നാൽ ടി അച്ചടക്ക നടപടികൾ നിലനിൽക്കെത്തന്നെ വീണ്ടും ടിയാൾ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതായി റിപ്പോർട്ട് ലഭിച്ചിരിക്കുന്ന സാഹചര്യത്തിൽ ടിയാളുടെ ഭാഗത്ത് നിന്നും കടുത്ത അച്ചടക്കരാഹിത്യവും, കൃത്യവിലോപവും വകുപ്പിനോട് തികഞ്ഞ അവഹേളനവും ഉണ്ടായതായി കണക്കാക്കി ടിയാളെ അടിയന്തിരമായി സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

ഡോ.അജിത നായർ.ആർ.
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ

സ്വീകർത്താവ്

| | |
|---|---|
| ശ്രീ.രാജീവ്.വി.പി,<br>ലാബ് ടെക്നീഷ്യൻ ഗ്രേഡ്II,<br>ഇ.എസ്.ഐ.ഡിസ്പെൻസറി,<br>ചെറുവണ്ണൂർ. | ശ്രീ.രാജീവ്.വി.പി,<br>അഭയം,<br>ഭൂമിവാതുക്കൽ,<br>വലയം- 673 517. |

പകർപ്പ് 1) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, ഉത്തര മേഖല, കോഴിക്കോട്.
2) ഇൻഷുറൻസ് മെഡിക്കൽ ആഫീസർ, ഇ.എസ്.ഐ ഡിസ്പെൻസറി, ചെറുവണ്ണൂർ.
3) വെബ്സൈറ്റ്.
4) ഫയൽ/സ്റ്റോക്ക് ഫയൽ

എസ്.എസ്